**പതിമൂന്നാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2542** — **18.07.2011-ൽ മറുപടിക്ക്**

**കൃഷി ഫാമുകളുടെ പ്രവർത്തനം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.വി. ശ്രേയാംസ് കുമാർ | **ശ്രീ. കെ.പി. മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തെ കൃഷി ഫാമുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും വിപുലീകരിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | എ) സംസ്ഥാനത്തെ കൃഷി ഫാമുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും വിപുലീകരിക്കുന്നതിനുമായി സർക്കാർ വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. താഴെ പറയുന്ന ഘടകങ്ങളാണ് പ്രധാനമായും ഉൾക്കൊള്ളിച്ചിട്ടുള്ളത്:<br>1. ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും, കാർഷിക സർവ്വകലാശാലയിൽ നിന്നും അത്യുൽപ്പാദന ശേഷിയുള്ള പുതിയ ഇനം നടീൽ വസ്തുക്കളുടെ ന്യൂക്ലിയസ് വിത്ത് വാങ്ങി ഫാമുകളിൽ വർദ്ധനവ് നടത്തി ഗുണമേൻമയുള്ള നടീൽ വസ്തുക്കൾ മിതമായ നിരക്കിൽ കർഷകർക്ക് വിതരണം ചെയ്യുന്നു.<br>2. അത്യുൽപ്പാദനശേഷിയുള്ള വിവിധയിനം വിളകൾ ശാസ്ത്രീയമായ രീതിയിൽ കൃഷി ചെയ്ത് ഫാമുകളെ മാതൃകാ പ്രദർശന തോട്ടങ്ങളാക്കി ഉയർത്തുന്നതിനുള്ള നടപടികൾ തുടർന്നു വരുന്നു.<br>3. വിളകളുടെ ശാസ്ത്രീയമായ കൃഷി രീതിയും ഉൽപ്പന്നങ്ങളുടെ മെച്ചപ്പെട്ട സംസ്ക്കരണ രീതികളും ഉൾപ്പെടുത്തിക്കൊണ്ടുള്ള മാതൃകാ കൃഷി യൂണിറ്റുകളായി ഫാമുകളെ ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>4. ഫാമുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി 2010-2011 സാമ്പത്തിക |

വർഷം 175 ലക്ഷം രൂപ ചെലവഴിച്ചു. 2011-2012 സാമ്പത്തിക വർഷത്തിൽ 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

| | | | |
|---|---|---|---|
| ബി) | കൃഷി ഫാമുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പദ്ധതികൾ എന്ന് വ്യക്തമാക്കുമോ; | ബി) | കൃഷി ഫാമുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നടപ്പു സാമ്പത്തിക വർഷത്തിൽ കൃഷി വകുപ്പിന്റെ നിയന്ത്രണ ത്തിലുള്ള സ്പെഷ്യൽ ഫാമുകൾക്കായി 25 ലക്ഷം രൂപയും, ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ 100 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ജില്ലാ പഞ്ചായത്തിന് കൈമാറ്റം ചെയ്യപ്പെട്ട ഫാമുകളുടെ വികസനത്തിനായി ജില്ലാ പഞ്ചായത്തിന്റെ ഫണ്ട് ഉപയോഗിച്ച് ഫാമുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നു. ഇതു കൂടാതെ സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ, ആർ.കെ.വി.വൈ. എന്നിവയുടെ ഫണ്ട് ഉപയോഗിച്ച് ഫാമുകളിൽ ഗ്രീൻ ഹൗസ്, ജലസേചനം, വിത്തു സംസ്ക്കരണ സൗകര്യങ്ങൾ, ടിഷ്യൂ കൾച്ചർ ഹാർഡനിംഗ് യൂണിറ്റ്, വിത്ത് ശേഖരിക്കുന്ന തിനുള്ള സൗകര്യങ്ങൾ, സോളാർ ഫെൻസിംഗ് തുടങ്ങിയ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള പദ്ധതി കളും നടത്താനുദ്ദേശിക്കുന്നു. |
| സി) | നൂതന കാർഷിക സാങ്കേതിക വിദ്യകൾ കണ്ടെത്തുന്നതിനും പ്രചരിപ്പിക്കു ന്നതിനും കൃഷി ഫാമുകളെ സജ്ജമാക്കാൻ നടപടി സ്വീകരി - ക്കുമോ? | സി) | നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ